**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3698** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷക ക്ഷേമനിധിയിലടച്ച വരിസംഖ്യ പെൻഷന് അർഹരാകുമ്പോൾ തിരികെ ലഭിക്കുന്നില്ലെന്ന ക്ഷീര കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരകർഷകർ ക്ഷീരസംഘം മുഖേന അടവാക്കുന്ന വരിസംഖ്യ ക്ഷേമനിധിയുടെ വരുമാന മാർഗ്ഗങ്ങളിലൊന്നാണ്. ടി തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളിൽ നിന്നുമാണ് പെൻഷൻ (ക്ഷേമനിധി വിഹിതം) ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തു വരുന്നത്. ക്ഷേമനിധി നിയമ പ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | മറ്റ് ഏത് പെൻഷനൊപ്പവും ക്ഷീര കർഷക പെൻഷൻ ലഭിക്കുമായിരുന്നു എന്നിരിക്കെ ആയത് ഇപ്പോൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | 2017 ജനുവരി മാസം മുതൽ സർക്കാർ ധനസഹായത്തോടു കൂടിയാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ചു വരുന്നത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചു വരുന്നത്. ആകയാൽ മറ്റ് ഏത് പെൻഷനൊപ്പവും ക്ഷീരകർഷക പെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. |
| (സി) | ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ ലഭിക്കാത്തവർക്ക് അംശാദായ തുക തിരികെ നൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | നിലവിലെ ക്ഷേമനിധി നിയമ പ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. ക്ഷീരകർഷകർ 20/- രൂപ അംശദായ ഇനത്തിൽ ക്ഷേമനിധിയിൽ ഒടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. പെൻഷൻ തുകയായ 1600 രൂപയിൽ 1300 രൂപ സർക്കാരും 300 രൂപ ക്ഷേമനിധിയിൽ നിന്നുമാണ് നൽകുന്നത്. പ്രസ്തുത തുകയിൽ നിന്നുമാണ് പെൻഷൻ (ക്ഷേമനിധി വിഹിതം) |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ